# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2283 — 09.03.2018-ൽ മറുപടിയ്ക്ക്

### ഒന്നിൽ കൂടുതൽ പെൻഷൻ വാങ്ങുന്നതിന് തടസ്സങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. രാജഗോപാലൻ :** | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** |
| അവശകലാകാരന്മാർക്കും സാംസ്കാരിക പ്രവർത്തകർക്കും, ആചാര്യസ്ഥാനികർക്കും കലാകാര ന്മാർക്കും നൽകുന്ന പെൻഷനോടൊപ്പം ഒന്നിൽ കൂടുതൽ പെൻഷൻ വാങ്ങുന്നതിന് തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കാമോ? | 6/11/2017 ലെ സ.ഉ.(എം.എസ്.)നം.483/2017/ധന ഉത്തരവ് പ്രകാരം ഒരാൾക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. എന്നാൽ തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകിവരുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താ ക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ സാധാരണ നിരക്കിൽ ലഭിക്കുന്നതാണ്.<br>തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്നതൊഴികെയുള്ള ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾ ക്ഷേമനിധി പെൻഷനൊപ്പം സാമൂഹ്യ സുരക്ഷാ പെൻഷനും വാങ്ങുകയാണെങ്കിൽ ക്ഷേമനിധി പെൻഷൻ അതാത് കാലങ്ങളിൽ നിലവിലുള്ള സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും. 06/02/2017-നു മുൻപ് രണ്ട് പെൻഷനും വാങ്ങിവരുന്നവർക്കാണ് രണ്ടു പെൻഷനും ലഭിക്കാൻ അർഹതയുള്ളത്. എന്നാൽ കലാകാര പെൻഷൻ വാങ്ങുന്നവർക്ക് ക്ഷേമനിധി പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. |

(signature)

**സെക്ഷൻ ഓഫീസർ**